**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2346** **21-01-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഷാനിമോൾ ഉസ്മാൻ** | | **Dr. T. M. Thomas Isaac**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** | |
| (എ) | താഴ്ന്ന വരുമാനക്കാരായ ഭൂരിഭാഗം സർക്കാർ ജീവനക്കാരും സമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ ലീവ് സറണ്ടർ ആനുകൂല്യത്തിന് അപേക്ഷിക്കാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ലോക് ഡൗണും മറ്റ് നിയന്ത്രണങ്ങളും കാരണം ഓഫീസ് പ്രവർത്തനങ്ങളിൽ ഉണ്ടായ തടസ്സം കൊണ്ട് 2020 ഏപ്രിൽ 1 മുതൽ 15 വരെ കാലയളവിൽ ലീവ് സറണ്ടർ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ചിരുന്ന ജീവനക്കാർക്ക് ആയത് യഥാസമയം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാർ ഓഫീസുകൾക്ക് കഴിഞ്ഞിരുന്നില്ല എന്നത് പരിഗണിക്കുകയുണ്ടായോ; | (ബി) | 16.04.2020-ലെ സ.ഉ.(പി) നം. 42/2020/ധന നമ്പർ ഉത്തരവ് പ്രകാരം എല്ലാ വിഭാഗം ജീവനക്കാരുടേയും ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തേക്ക് നിർത്തിവച്ചുകൊണ്ട് ഉത്തരവായിരുന്നു. തീർപ്പാക്കാനുണ്ടായിരുന്ന എല്ലാ ബില്ലുകൾക്കും ടി ഉത്തരവ് ബാധകമാക്കുകയും പണമാക്കി മാറ്റാതെ ശേഷിക്കുന്ന എല്ലാ ഉത്തരവുകളും റദ്ദാക്കി അവധി ജീവനക്കാരന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. |
| (സി) | 2020 ഏപ്രിൽ മാസത്തിൽ ലീവ് അക്കൗണ്ടിൽ മുന്നൂറ് അവധികൾ തികഞ്ഞ ജീവനക്കാർക്ക് യഥാസമയം സറണ്ടർ ആനുകൂല്യം അനുവദിച്ചു നൽകാത്തതുമൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | കെ.എസ്.ആർ ഭാഗം 1 ചട്ടം 78 പ്രകാരം ലീവ് അക്കൗണ്ടിൽ ചേർത്ത് വയ്ക്കാവുന്ന പരമാവധി ആർജ്ജിതാവധിയുടെ എണ്ണം 300 ആണ് എന്നതിനാൽ ഇക്കാര്യത്തിൽ പ്രത്യേക നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല. |
| (ഡി) | ഇത്തരം കേസുകളിൽ ജീവനക്കാർ അപേക്ഷ സമർപ്പിച്ച തീയതി പ്രാബല്യത്തിൽ സറണ്ടർ ആനുകൂല്യം പി.എഫ്. - ൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ ലീവ് സറണ്ടർ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ആർജ്ജിതാവധി സറണ്ടർ മുൻകാല പ്രാബല്യത്തിൽ അനുവദിക്കുവാൻ വ്യവസ്ഥയില്ല. ഇത് വ്യക്തമാക്കി 29.07.1969 ൽ സർക്കുലർ നം 66/69/ധന പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ